# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : *618

09.07.2014- ൽ മറുപടിക്ക്

## ലിക്വിഡേഷൻ ഭീഷണി നേരിടുന്ന സഹകരണ സംഘങ്ങൾ

| ചോദ്യം | | മറുപടി |
| --- | --- | --- |
| | ശ്രീ. പി. ഉബൈദുള്ള :<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ :<br>ശ്രീ. എൻ. ഷംസുദ്ദീൻ :<br>ശ്രീ. സി. മമ്മൂട്ടി : | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നഷ്ടത്തിലേക്ക് പോകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും നൽകുന്ന വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുന്നതിനാലും, കുടിശ്ശിക കൂടുന്നതിനാലും മാനേജ്മെന്റിന്റെ കാര്യക്ഷമതാ കുറവും ശമ്പളമിനത്തിലും തൻചെലവുകളിലുമുള്ള വർദ്ധനവും പ്രാഥമിക സഹകരണ സംഘങ്ങൾ നഷ്ടത്തിലേയ്ക്ക് പോകുന്നതിന് പ്രധാന കാരണങ്ങളായി വിലയിരുത്തിയിട്ടുണ്ട്. മാത്രമല്ല സർക്കാർ ആവിഷ്കരിക്കുന്ന വിവിധ നിക്ഷേപ പദ്ധതികൾ/കടാശ്വാസ പദ്ധതികൾ നടപ്പിലാക്കുന്നത് മൂലം സഹകരണ സ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം നികത്തി കിട്ടാത്തതും ക്രമരഹിതമായ പൊതുഫണ്ട് വിനിയോഗം വായ്പാ നിക്ഷേപ അനുപാതത്തിൽ ഉണ്ടാകുന്ന സാരമായ വ്യത്യാസങ്ങൾ, ഭരണ |

സമിതിയുടെയും ജീവനക്കാരുടെയും, കെടുകാര്യസ്ഥതയും ക്രമക്കേടുകളും, വിഭവ സമാഹരണത്തിൽ നിരന്തര ശ്രദ്ധ പുലർത്താത്തതും സംഘങ്ങൾ നഷ്ടത്തിലേയ്ക്ക് പോകുന്നതിന് പ്രധാനപ്പെട്ട കാരണങ്ങളായി വിലയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| ബി) സംസ്ഥാനത്ത് എത്ര സംഘങ്ങൾ ലിക്വിഡേഷൻ ഭീഷണി നേരിടുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ 32 എണ്ണം ലിക്വിഡേഷൻ നടപടികൾ നേരിടുന്നതായി വിലയിരുത്തിയിട്ടുണ്ട്. |
| സി) നഷ്ടത്തിൽനിന്നും ഇവയെ കരകയറ്റുന്നതിനും, സഹകാരികൾക്ക് ആശ്രയിക്കാവുന്ന സ്ഥാപനങ്ങളാക്കി മാറ്റുന്നതിനും എന്തൊക്കെ ചെയ്യാനാവുമെന്ന കാര്യം പരിശോധിക്കുമോ ? | (സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ ഉചിതമായ പദ്ധതി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പദ്ധതി പ്രകാരം പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം നൽകുകയും സഹകരണ വികസന ക്ഷേമനിധി ഫണ്ടിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ വായ്പ ലഭ്യമാക്കിയും സംഘത്തിന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തിയും പ്രവർത്തനം കാര്യക്ഷമമാക്കാവുന്നതാണ്.<br><br>അതോടൊപ്പം സംഘങ്ങളുടെ വായ്പാ കുടിശ്ശിക പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും എസ്റ്റാബ്ലിഷ്മെന്റ് & കണ്ടിജൻസി ചെലവ് നിയന്ത്രിക്കുകയും യഥാസമയം |

കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയും കുടിശ്ശിക 10 ശതമാനത്തിൽ താഴെയാക്കി കുറച്ചുകൊണ്ടുവരികയും തിരിച്ചടയ്ക്കാനുള്ള കഴിവു കൂടി കണക്കിലെടുത്ത് വായ്പ നൽകുകയും, ധനസഹായബാങ്കിന്റെ സഹകരണത്തോടു കൂടി പ്രത്യേക പദ്ധതി അംഗീകരിച്ച് സോഫ്റ്റ് ലോൺ അടക്കമുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്താൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ നഷ്ടത്തിൽ നിന്നും കരകയറ്റി പ്രവർത്തനം പുനരുദ്ധരിക്കുവാൻ സാധിക്കും. സംഘം മാനേജ്മെന്റ് കാര്യക്ഷമമാക്കുകയും അഴിമതികളിന്മേൽ യഥാസമയം നടപടികൾ സ്വീകരിക്കുകയും അംഗങ്ങളുടെ വിശ്വാസ്യത ആർജ്ജിക്കുകയും സഹകരണ വകുപ്പ് ഇക്കാര്യത്തിൽ മുഖ്യപങ്ക് വഹിച്ചും സംഘം പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് കഴിയും.

സെക്ഷൻ ഓഫീസർ